**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **19-09-2025 - ൽ മറുപടിയ്ക്ക്**

**പി. വി. ഐ. പി. കനാലിന് കുറുകെയുള്ള പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പി. വി. ഐ. പി. (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) കനാലിന് കുറുകെ പിറവം മണ്ഡലത്തിൽ എത്ര പാലങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ നിർമ്മിച്ച വർഷവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | പി. വി. ഐ. പി. (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) കനാലിനു കുറുകെ പിറവം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങളൊന്നും നിർമ്മിച്ചിട്ടില്ലാത്തതാകുന്നു. |
| (ബി) | ഇതിൽ കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. വി. ഐ. പി. കനാലിന് കുറുകെയുള്ള ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പി. വി. ഐ. പി. കനാലിന് കുറുകെ പിറവം മണ്ഡലത്തിൽ ജീർണ്ണാവസ്ഥയിലുള്ള പാലങ്ങൾ ഒന്നും പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിച്ചിട്ടില്ലാത്തതാകുന്നു. |
| (ഡി) | രായമംഗലം സെൻറ് ജോർജ് സൺഡേ സ്കൂളിന്റെ മുൻഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ഡി) | രായമംഗലം St.George Sunday School-ന്റെ മുൻഭാഗത്തുള്ള പാലം നിർമ്മാണം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തിയല്ല. |
| (ഇ) | പുതിയ എത്ര പാലങ്ങൾ നിർമ്മിക്കാനും നിലവിലുള്ളവയെ പുതുക്കിപ്പണിയാനും ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | പിറവം മണ്ഡലത്തിൽ പുതുക്കി പണിയാൻ നിർദ്ദേശിക്കപ്പെട്ട പാലങ്ങൾ ഉപ്പും പടി ഇറിഗേഷൻ കനാൽ, എരുവേലി ഇറിഗേഷൻ കനാൽ ബ്രിഡ്ജ് എന്നിവയാണ്. |

സെക്ഷൻ ഓഫീസർ